ശ്രീ. എം. കെ. മുനീർ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചെമ്മീൻ വളർത്തൽ പദ്ധതി ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) ഇതിനായി എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി ആരംഭിച്ചുകഴിഞ്ഞോ; എങ്കിൽ എന്നുമുതൽ;

(ഡി) പദ്ധതി തുടങ്ങാൻ വൈകിയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ ഉൽപ്പാദന വർദ്ധനവിനുള്ള ഒരു സമഗ്ര പദ്ധതിക്ക് 23.10.98ൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) 349.16 ലക്ഷം രൂപ

(സി) & (ഡി) ഭരണാനുമതി നല്കിയ ഉടൻതന്നെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

11 (1111) മത്സ്യ ഉല്പാദനം

ശ്രീ. ജി. സുധാകരൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പിന്നിട്ട മൂന്ന് വർഷങ്ങളിൽ കേരളത്തിലെ മത്സ്യ ഉല്പാദനത്തെപ്പറ്റിയുള്ള ആധികാരിക വിവരങ്ങൾ നല്കുമോ;

(ബി) ഉൾനാടൻ മത്സ്യ ഉല്പാദനം കടൽ മത്സ്യ ഉല്പാദനം എന്നിങ്ങനെ വേർതിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇതേ കാലത്ത് കേരളത്തിൽ നിന്നുള്ള മത്സ്യ കയറ്റുമതിയെ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ കാലത്ത് മത്സ്യം കയറ്റുമതി വഴി കേരള-കേന്ദ്ര സർക്കാരുകൾക്ക് ലഭിച്ച വരുമാനങ്ങളെപ്പറ്റി വെളിപ്പെടുത്തുമോ;

(ഇ) ഇക്കാലത്ത് മത്സ്യബന്ധന മേഖലയിൽ ഒരു വർഷം ശരാശരി എത്രപേർ പണിയെടുത്തിരുന്നു എന്നകാര്യം വ്യക്തമാക്കുമോ;

(എഫ്) ഇക്കാലത്ത് ട്രോളിംഗ് നിരോധിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ജി) ഈ നടപടികളുടെ ഫലമായി മത്സ്യബന്ധനമേഖലയിൽ അനുഭവപ്പെടുന്ന ഗുണകരമായ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു;

(എച്ച്) ട്രോളിംഗ് നിലനിർത്തണമെന്ന് കേരളത്തിൽ ആവശ്യപ്പെടുന്നവരുണ്ടോ; ഉണ്ടെങ്കിൽ അതേപ്പറ്റി വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ട്രോളിംഗ് സംബന്ധിച്ച് കേരള സർക്കാരിന്റെ നിലവിലുള്ള നയം എന്താണ്?

ഉത്തരം

(എ) നൽകാം

(ബി) 1996, 1997, 1998 എന്നീ വർഷങ്ങളിലെ ഉൾനാടൻ മത്സ്യ ഉല്പാദനം, കടൽ ഉല്പാദനം എന്നിവ വേർതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	കടൽമത്സ്യ ഉലപ്ദാനം (മെ. ടൺ)	ഉൾനാടൻ മത്സ്യ ഉല്പാദനം (മെ. ടൺ)
1996	5,72,055	53,438
1997	5,74,774	56,036
1998	5,42,896	59,320

(സി) ലഭ്യമാക്കാം

വിശദവിവിരം താഴെകൊടുക്കുന്നു.

വർഷം	മത്സ്യകയറ്റുമതി (മെ. ടൺ)	കയറ്റുമതിവില (രൂപ കോടി)
1996	90,699	887
1997	90,523	960
1998	72,400	850

(ഡി) വെളിപ്പെടുത്താം. വിശദവിവരം താഴെക്കൊടുക്കുന്നു.

വർഷം	മത്സ്യ കയറ്റുമതി (മെ.ടൺ)		കയറ്റുമതിവില (രൂപ കോടി)	
	ഇന്ത്യ	കേരളം	ഇന്ത്യ	കേരളം
1996	3,53,676	90,699	3980.02	887
1997	3,98,977	90,523	4661.58	960
1998	3,13,503	72,400	4709.55	850

(ഇ) വ്യക്തമാക്കാം

വിശദവിവരം താഴെ കൊടുക്കുന്നു.

വർഷം	പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം
1996-97	1,86,680
1997-98	1,91,740
1998-99	1,93,896

(എഫ്) ഈ സർക്കാർ പിന്നിട്ട മൂന്നു വർഷങ്ങളിലും തീരക്കടലിൽ ജൂൺ 15-ാം തീയതി മുതൽ ജൂലൈ 29-ാം തീയതി വരെ 45 ദിവസത്തേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ട്രോളിംഗ് നിരോധിച്ചിരുന്നു. കേരളത്തിന്റെ ആഴക്കടൽ ഭാഗത്തും ഈ കാലയളവിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നു. ഈ കാലയളവിൽ നിയമം ലംഘിക്കുന്ന ബോട്ടുകൾ കണ്ടുകെട്ടുന്നതിന് ശക്തമായ പെട്രോളിംഗ് ഏർപ്പെടുത്തിയിരുന്നു. ഇതിനായി ഫിഷറീസ് വകുപ്പിന്റെ അത്യാധുനിക സൗകര്യങ്ങളുള്ള 5 ബോട്ടുകളെ കൂടാതെ വാടകക്കെടുത്ത ബോട്ടുകളും സജ്ജമാക്കിയിരുന്നു. പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും പ്രത്യേക പൊലീസ് കൺട്രോൾ റൂമുകൾ ആരംഭിക്കുകയും ഫിഷറീസ് വകുപ്പിന്റെ എല്ലാ തീരദേശ ജില്ലാ ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും തുറന്നു പ്രവർത്തിച്ചിരുന്നു. കൂടാതെ ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർ നോഡൽ ഓഫീസറായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള സംവിധാനങ്ങളും ചെയ്തിരുന്നു. ഈ വർഷവും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ജി) ഈ നടപടികളുടെ ഫലമായി മത്സ്യ സമ്പത്ത് വർദ്ധിപ്പിച്ചതായും മത്സ്യോൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെട്ടതായും കണക്കുകൾ സൂചിപ്പിക്കുന്നു. ട്രോളിംഗ് നിരോധനംമൂലം മൺസൂൺ സമയത്തുള്ള 'ചാകര'യുടെ പ്രയോജനം പൂർണ്ണമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവൽക്കൃത മത്സ്യത്തൊഴിലാളികളും തമ്മിലുള്ള സംഘർഷം ഈ നിയന്ത്രണത്താൽ ഒഴിവാക്കാൻ സാധിക്കുന്നു.

മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഉരുക്കളുടെയും മറ്റു വാർഷിക അറ്റകുറ്റപ്പണികൾ നടത്തുവാൻ ഈ നിയന്ത്രണം ഉപകരിക്കുന്നു.

(എച്ച്) ഉണ്ട്.

മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ സമയത്ത് കടൽ മത്സ്യബന്ധനത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്നും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 90 ദിവസവും ട്രോളിംഗ് നിരോധനം നടപ്പാക്കണമെന്നും കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നു.

(ഐ) കടലിന്റെ അടിത്തട്ട് ഉഴുതു മറിക്കുന്ന സമ്പ്രദായമാണ് ട്രോളിംഗ്. മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ സമയത്ത് ഈ ട്രോളിംഗ് മൂലം വംശനാശത്തിന് വഴി തെളിക്കുന്നുവെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിന്റെ പരിരക്ഷക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ട്രോളിംഗ് നിരോധനം ആവശ്യമാണ് എന്നതാണ് സർക്കാർ നയം.

12 (1112) മത്സ്യത്തൊഴിലാളി ക്ഷേമനിധി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly